"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-സ്റ്റേറ്റ് മിഷൻ ഓഫീസിൽ ടെക്നിക്കൽ എക്സ്പേർട്ട്(അഗ്രികൾച്ചർ) തസ്തികയിൽ സേവനമനുഷ്ഠിച്ച വരുന്ന സോയിൽ കൺസർവേഷൻ വകുപ്പിലെ ഉദ്യോഗസ്ഥനായ ശ്രീ.പ്രശാന്ത് എം.ജെ-യുടെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.162/2023/LSGD തീയതി,തിരുവനന്തപുരം, 19-01-2023

---

പരാമർശം:-

1. സർക്കുലർ നം.42/2013/ധന തീയതി 10.05.2013
2. സ.ഉ.(പി)നം.580/2013/ധന തീയതി 28.11.2013
3. സ.ഉ.(കൈ)നം.107/2019/ത.സ്വ.ഭ.വ തീയതി 22.08.2019
4. സ.ഉ.(സാധാ)നം.20/2021/ത.സ്വ.ഭ.വ തീയതി 04.01.2021
5. സ.ഉ.(സാധാ)നം.100/2022/ത.സ്വ.ഭ.വ തീയതി 13.01.2022
6. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 13.12.2022-ലെ NREGA/181/2021-E3 നമ്പർ കത്ത്

**ഉത്തരവ്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷനിൽ ടെക്നിക്കൽ എക്സ്പേർട്ട്(അഗ്രികൾച്ചർ) എന്ന തസ്തിക പുതുതായി സൃഷ്ടിച്ചും ടി തസ്തികയിൽ 42500-87000 ശമ്പള സ്കെയിലുള്ള ഉദ്യോഗസ്ഥനെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്താൻ അനുമതി നൽകിയും പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് പരാമർശം (4) പ്രകാരം സോയിൽ കൺസർവേഷൻ വകുപ്പിൽ സോയിൽ കൺസർവേഷൻ ഓഫീസർ (എച്ച്.ക്യു.II), ആയ ശ്രീ.പ്രശാന്ത് എം.ജെ.യെ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ ഒരു വർഷത്തേയ്ക്ക് ടി തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുകയും ഒരു വർഷ സേവന കാലാവധി അവസാനിച്ചതിനെത്തുടർന്ന് 17.02.2022 മുതൽ ടിയാന്റെ സേവന കാലാവധി ഒരു വർഷം കൂടി ദീർഘിപ്പിച്ച് പരാമർശം (5) പ്രകാരം ഉത്തരവാകുകയുമുണ്ടായി. ടി കാലാവധി 16.02.2023-ൽ അവസാനിക്കുന്ന സാഹചര്യത്തിൽ തന്റെ സേവന കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് അഭ്യർത്ഥിച്ച് ശ്രീ.പ്രശാന്ത് എം.ജെ. സോയിൽ കൺസർവേഷൻ ഡയറക്ടറുടെ NOC സഹിതം അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും ടി സാഹചര്യത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ ഓഫീസിൽ ടെക്നിക്കൽ എക്സ്പേർട്ട് (അഗ്രികൾച്ചർ) ആയ ശ്രീ.പ്രശാന്ത് എം.ജെ.യുടെ സേവനം 17.02.2023 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകണമെന്നും പരാമർശം (6) പ്രകാരം മിഷൻ ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ ഓഫീസിൽ ടെക്നിക്കൽ എക്സ്പേർട്ട്(അഗ്രികൾച്ചർ) തസ്തികയിൽ നിലവിൽ സേവനമനുഷ്ഠിച്ചു വരുന്ന സോയിൽ കൺസർവേഷൻ വകുപ്പിലെ സോയിൽ കൺസർവേഷൻ ഓഫീസർ (എച്ച്.ക്യു.II), ആയ ശ്രീ.പ്രശാന്ത് എം.ജെ.യുടെ അന്യത്ര സേവന കാലാവധി പരാമർശം (2) സർക്കാർ ഉത്തരവിന് അനുസൃതമായി, കെ.എസ്.ആർ-ലെ ചട്ടം 140(സി)-യിലെ വ്യവസ്ഥയും പരാമർശം (1) സർക്കുലറിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 17.02.2023 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

ഡയറക്ടർ, സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ
മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
ശ്രീ.പ്രശാന്ത് എം.ജെ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
സെക്ഷൻ ഓഫീസർ
Date: 19-01-2023 12:50:00

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണ-എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്